(എ) ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാങ്കേതിക മ്യൂസിയത്തിലെ പ്രിയദർശിനി പ്ളാനറ്റോറിയത്തിന് 1998-99, 1999-2000 എന്നീ സാമ്പത്തികവർഷങ്ങളിൽ സംസ്ഥാന സർക്കാർ ഗ്രാന്റ് ഇനത്തിൽ അനുവദിച്ച് തുക എത്ര;

(ബി) നടപ്പുവർഷം ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക പ്രസ്തുത സ്ഥാപനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിനും പ്ളാനറ്റോറിയത്തിനുംകൂടി 1998-99 വർഷത്തിലേക്ക് മുൻനീക്കുബാക്കി ഗ്രാന്റായി 135 ലക്ഷം രൂപ കൈവശമുണ്ടായിരുന്നു. 1999-2000 വർഷത്തേയ്ക്ക് മൊത്തം 75 ലക്ഷം രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അധികഗ്രാന്റ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

186 (1408) ഏറത്ത് പഞ്ചായത്തിലെ കെ.എ.പി. ഹെഡ്ക്വാർട്ടേഴ്സ് നിർമ്മാണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ താലൂക്കിൽ ഏറത്ത് പഞ്ചായത്തിൽ കെ.എ.പി മൂന്നാം ബറ്റാലിയന്റെ ഹെഡ്ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ എത്ര തുക കൊള്ളിച്ചിട്ടുണ്ട്;

(ബി) ഈ സ്ഥാപനത്തിന്റെ സ്ഥലമെടുപ്പ് നടന്നത് എന്നാണ്;

(സി) പ്രസ്തുത ഹെഡ്ക്വാർട്ടേഴ്സിലുള്ള ഭരണാനുമതി എന്നാണ് നൽകിയത്;

(ഡി) കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ എന്ന് വിളിച്ചു;

(ഇ) കരാർ എന്നാണ് ഉറപ്പിച്ചത്;

(എഫ്) ആരൊക്കെയാണ് കരാറുകാർ എന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത ഹെഡ്ക്വാർട്ടേഴ്സ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തുകൂടി കടന്നുപോകുന്ന പഞ്ചായത്ത് റോഡ് ഉപയോഗശൂന്യമായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ജനങ്ങൾ ദീർഘകാലമായി ഉപയോഗിച്ചിരുന്ന പ്രസ്തുത റോഡ് തടസ്സപ്പെടുന്നതിനാൽ ബദൽ ക്രമീകരണം ചെയ്തുകൊടുക്കാമെന്ന് ജനങ്ങൾക്കും പഞ്ചായത്തിനും ഉറപ്പ് നൽകിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഐ) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുക 10.28 കോടി രൂപയാണ്, അതിൽ 7.5 കോടി രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ജാമ്യത്തിൽ വായ്പയായും ബാക്കി 2.78 കോടി രൂപ ബഡ്ജറ്റ് അലോക്കേഷൻ വഴി കണ്ടെത്താനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഈ പ്രോജക്ടിറ്റിനുവേണ്ടി ആകെ അക്വയർ ചെയ്തിട്ടുള്ള സ്ഥലം 12.63.78 ഹെക്ടർ സ്ഥലമാണ്. അതിൽ 4,35.04 ഹെക്ടർ ഭൂമി 14.11.83-ൽ മുൻകൂറായി ഏറ്റെടുക്കുകയും ബാക്കി സ്ഥലം 5.11.86-ൽ പോലീസ് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഹെഡ്ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള ഭരണാനുമതി 4.5.1995-ലും പുതുക്കിയ ഭരണാനുമതി 24.2.1998 -ലുമാണ് നൽകിയത്.

(ഡി)(ഇ)&(എഫ്) ടെണ്ടർ തീയതി, കരാർ തീയതി, കരാറുകാർ എന്നിവ സംബന്ധിച്ച് വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(ജി) പ്രസ്തുത റോഡ് ഉപയോഗശൂന്യമല്ല.

(എച്ച്)&(ഐ) ഇതു സംബന്ധിച്ച് ഒരു കേസ്സ് കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്.

187 (1409) സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങാൻ നടപടി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മയ്യിൽ കേന്ദ്രമായി ഒരു സബ് രജിസ്ട്രാറാഫീസ് തുടങ്ങണം എന്ന ആവശ്യത്തിൻന്മേൽ എന്ത് നടപടി സ്വീകരിച്ചുഎന്ന് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തികവർഷം തന്നെ സബ് രജിസ്ട്രാറാഫീസ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കണ്ണൂർ ജില്ലയിലെ മയ്യിൽ കേന്ദ്രമായി ഒരു സബ് രജിസ്ട്രാർ ഓഫീസ് തുടങ്ങണമെന്ന അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1275, 1277, 1288, 1290, 1338, 1366, 1367, 1384 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അറിയിപ്പ്

പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതു സംബന്ധിച്ച് നിയമസഭയുടെ പ്രത്യേക യോഗം.

III. ശ്രദ്ധക്ഷണിക്കൽ

നെടുമ്പാശ്ശേരി വിമാനത്താവളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

[9.30 A.M] ശ്രീ. പി.ജെ. ജോയി : സർ നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളം വികസനത്തിന്റെ കാര്യത്തിൽ ജനകീയ പങ്കാളിത്തത്തിന് ഒരു മാതൃകയായി രൂപംകൊണ്ടതാണ്. അതിന് ഇന്നുവന്നിട്ടുള്ള വലിയ പ്രതിസന്ധിയെന്നു പറയുന്നത് സാമ്പത്തിക പ്രതിസന്ധിയാണ്. അതുപോലെ തന്നെ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവവും. അത് കേവലം സങ്കുചിതരാ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly